## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1706** **08/06/2018-ൽ മറുപടിയ്ക്ക്**

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നല്കുന്ന വീടുകൾ

| ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ വീട് ലഭിക്കുന്നവർ ഇടക്കാലത്തിനുശേഷം വീടും സ്ഥലവും വിൽക്കുകയോ അവകാശികൾക്ക് പതിച്ച് നൽകുകയോ ചെയ്യുന്നത് മൂലം ഭവനരഹിതർ കൂടിക്കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ വീട് ലഭിക്കുന്നവരിൽ വളരെ ചെറിയ ഒരു വിഭാഗം സാമ്പത്തിക ബുദ്ധിമുട്ട് കാരണമോ തൊഴിൽ സംബന്ധമായ വിഷയങ്ങൾ കാരണമോ വീടും സ്ഥലവും വിൽക്കുന്ന പ്രവണതയുണ്ട്. കൂടാതെ വീടും സ്ഥലവും അവകാശികൾക്ക് പതിച്ചുനൽകുന്നുമുണ്ട്. |
| (ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ ലഭിക്കുന്ന വീടുകൾ അവരുടെ കാലശേഷം മാത്രം കൈമാറ്റം അനുവദിച്ച് വ്യവസ്ഥ ചെയ്യുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യത്തിലൂടെ നിർമ്മിക്കുന്ന വീടുകൾ നിലവിൽ 12 വർഷം കഴിഞ്ഞാൽ മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ. ഗുണഭോക്താക്കളുടെ കാലശേഷം മാത്രം കൈമാറ്റം അനുവദിച്ച് വ്യവസ്ഥ ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | അനിയന്ത്രിതമായ കൈമാറ്റത്തിലൂടെ ഭവനരഹിതർ ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | സർക്കാർ ആനുകൂല്യത്തോടെ വീട് നിർമ്മിക്കുന്നവർ ഇവരുടെ വീടും വസ്തുവും 12 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുമായി കരാർ വെച്ചതിനു ശേഷമാണ് വീടിന്റെ ആനുകൂല്യം നൽകുന്നത്. കൂടാതെ പ്രസ്തുത ഗുണഭോക്താക്കൾ, ഇ.എം.എസ് ഭവന പദ്ധതി മാതൃകയിൽ കരാർ രജിസ്റ്റർ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന വീടുകളുടെ വലിപ്പവും മറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ പാലിച്ച് നിർമ്മാണം പൂർത്തിയാക്കി എന്ന് ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പ് നല്കുന്ന വീടുകളുടെ വലിപ്പം സർക്കാർ നിശ്ചയിച്ചിട്ടുള്ള അളവിൽ തന്നെ പൂർത്തീകരിക്കുന്നതിന് വീട് അനുവദിക്കുമ്പോൾ തന്നെ നിർദ്ദേശം നല്കുന്നുണ്ട്. കൂടാതെ ഓരോ സ്റ്റേജ് നിർമ്മാണം പൂർത്തീകരിക്കുമ്പോഴും ഇത് പരിശോധിച്ചാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**